കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. മറ്റുള്ള പദ്ധതികൾ തുടർ പദ്ധതികളാണ്.

(ഡി) പദ്ധതി തിരിച്ചുള്ള ചെലവ് സംബന്ധിച്ച വിവരം അനുബന്ധത്തിലെ 7-ാം കോളത്തിൽ കൊടുത്തിട്ടുണ്ട്.†

(ഇ) മേൽപ്പറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് നടപ്പിലാക്കുന്നത്. ഇവ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പ്രത്യേക ഉത്തരവുകൾ ആവശ്യമില്ല.

പയ്യന്നൂർ ക്ലസ്റ്ററിന്റെ 'പുര' പദ്ധതി

146 [1979] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊവിഷൻ ഫോർ അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ് 'പുര' എന്ന കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പദ്ധതി കേരളത്തിൽ എവിടെയൊക്കെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള പ്രോജക്ട് റിപ്പോർട്ടുകളെല്ലാം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിക്കുകയും പ്രസ്തുത പദ്ധതികൾക്കെല്ലാം അംഗീകാരം ലഭ്യമാവുകയും ചെയ്യുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ;

(സി) പയ്യന്നൂർ ക്ലസ്റ്ററിന്റെ 'പുര' പദ്ധതിക്കായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അതേപടി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അംഗീകരിക്കുകയുണ്ടായോ എന്ന് വിശദമാക്കുമോ;

(ഡി) എങ്കിൽ 'പുര' പദ്ധതിയിലൂടെ പയ്യന്നൂർ ക്ലസ്റ്ററിൽ എന്തു തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര മാനവ വികസന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച പയ്യന്നൂർ ക്ലസ്റ്ററിന്റെ പ്രോജക്ട് റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 'പുര' പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് കേരളത്തിലെ ചുവടെ ചേർത്തിരിക്കുന്ന ചെറുപട്ടണങ്ങൾക്കു ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളിലാണ്.

	ജില്ല	*തെരഞ്ഞെടുക്കപ്പെട്ട ചെറുപട്ടണങ്ങൾ*
1.	ആലപ്പുഴ	കായംകുളം
2.	ഇടുക്കി	തൊടുപുഴ

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

3.	കാസർഗോഡ്	കാഞ്ഞങ്ങാട്
4.	കണ്ണൂർ	പയ്യന്നൂർ
5.	കൊല്ലം	പുനലൂർ
6.	കോട്ടയം	കോട്ടയം
7.	കോഴിക്കോട്	കൊയിലാണ്ടി
8.	മലപ്പുറം	പൊന്നാനി
9.	പത്തനംതിട്ട	തിരുവല്ല
10.	പാലക്കാട്	ഒറ്റപ്പാലം
11.	തൃശ്ശൂർ	കുന്നംകുളം
12.	വയനാട്	കൽപ്പറ്റ

(ബി) കണ്ണൂർ, കോഴിക്കോട്, ഇടുക്കി, വയനാട് എന്നീ ജില്ലകളുടെ റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചു കഴിഞ്ഞു. ഇവയ്ക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. മറ്റു ജില്ലകളുടെ റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

(സി) പദ്ധതിക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) — (ഇ) ചോദ്യം ഉദിക്കുന്നില്ല.

എസ്. ജി. എസ്. വൈ. ഫണ്ട് സവിശേഷ പ്രോജക്ടുകൾക്ക് വിനിയോഗിക്കാൻ നടപടി

147 [1980] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. ജി. എസ്. വൈ. ഫണ്ട് സവിശേഷമായ പ്രോജക്ടുകൾക്ക് നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി ആരംഭിച്ചശേഷം ഇത്തരം എത്ര പ്രോജക്ടുകൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്നും അതിന് എത്ര കോടി രൂപ ചെലവായി എന്നും വ്യക്തമാക്കാമോ;

(സി) നദികൾ, കുടിവെള്ള സ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രോജക്ടുകൾക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇക്കാര്യം നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly